വിളക്കുടി ജൽ ജീവൻ മിഷൻ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് പ്രൊജെക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചേമ്പറിൽ 11 .04 .2022 ൽ കൂടിയ യോഗം .

<u>പങ്കെടുത്തവർ</u>

1. രാജേഷ് ഉണ്ണിത്താൻ ,എക്സിക്യൂട്ടീവ് എഞ്ചിനീയർ
2. സലിൻ.പി , അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3. ഹെയ്സൽ ഹാരിസൺ, അസിസ്റ്റൻറ് എഞ്ചിനീയർ
4. ജെയിംസ് പി, ഓവർ സീയർ
5. കെ .എ എബ്രഹാം (ജെ & ബി കൺസ്ട്രക്ഷൻ )
6. അജിത്ത് .N (ജെ & ബി കൺസ്ട്രക്ഷൻ )
7. ഹരി മുരളി .S (ജെ & ബി കൺസ്ട്രക്ഷൻ )
8. സിബിൻ രാജൻ ( ജെ & ബി കൺസ്ട്രക്ഷൻ )

<u>തീരുമാനങ്ങൾ</u>

1. സൈറ്റിലെ കാര്യങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനു വേണ്ടി ഓവർ സീയർ ഫസ്റ്റ് ഗ്രേഡ് ജെയിംസ് -നെയും കോൺട്രാക്ടർ സൈഡിൽ നിന്നും സൂപ്പർ വൈസർ ഹരി മുരളി യെയും തീരുമാനിച്ചു.കമ്പനി GM ശ്രീ അജിത്തും AE യും മേൽ കാര്യങ്ങൾ നിരീക്ഷിച്ചു നടപ്പിലാക്കും .

2. ഇതുവരെ ഇട്ട പൈപ്പ് ലൈനിന്റെ as laid map കോൺട്രാക്ടർ 2 ദിവസത്തിനുള്ളിൽ സൂപ്പർ വൈസർ സിബിനെ വെച്ച തയ്യാറാക്കി നൽകും .

3 ടാങ്ക് സൈറ്റിൽ നിന്നും ചാർജ് ചെയ്ത് കണക്ഷൻ നൽകാൻ പറ്റുന്ന രീതിയിൽ പൈപ്പ് സ്ഥാപിക്കാൻ വേണ്ടി ഒരാഴ്ചക്കുള്ളിൽ ജെയിംസും ഹരിയും ചേർന്ന് ,ഷെഡ്യൂൾ ടൈമിനുള്ളിൽ വർക്ക് തീർക്കുന്ന രീതിയിൽ ഷെഡ്യൂൾ ഉണ്ടാക്കി നൽകേണ്ടതാണ് .അതനുസരിച്ചു ബാക്കിയുള്ള പൈപ്പുകൾ കോൺട്രാക്ടർ ഉടൻ സപ്ലൈ ചെയ്യുന്നതാണ് .

4. സൈറ്റ് ഓഫീസ് /യാർഡ് എന്നിവ ഒരാഴ്ചക്കുള്ളിൽ വിലക്കുടിയിൽ സ്ഥാപിക്കുമെന്ന് കോൺട്രാക്ടർ അറിയിച്ചു .കൂടാതെ വിളക്കുടി സൈറ്റിലെ ആവശ്യങ്ങൾക്കായി ഒരു പിക്ക് അപ്പും ,സുമോയും നൽകിയിട്ടുണ്ടെന്നും കോൺട്രാക്ടർ അറിയിച്ചു.

5. ഇതുവരെ സ്ഥാപിച്ച എല്ലാ DI പൈപ്പുകളും ഒരാഴ്ചക്കുള്ളിൽ ഹൈഡ്രോ ടെസ്റ്റ് ചെയ്യാനും ടെസ്റ്റ് ചെയ്താൽ ഉടൻ ബിൽ ആക്കാനും തീരുമാനിച്ചു. കൂടാതെ ചീയോട് ടാങ്കിൽ നിന്നുള്ള 200mm DI ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി 18 .04 .2022 ൽ ആരംഭിക്കാൻ തീരുമാനിച്ചു .

6. പുനലൂർ പേപ്പർ മിൽ PWD റോഡിലെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ പുനരാരംഭിക്കാനും AEE 13/4/22- ൽ സൈറ്റ് വിസിറ്റ് നടത്തി കേബിൾ മുഖാന്തിരമുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകാനും തീരുമാനിച്ചു.

7. ഇനിയും മീറ്റർ ബോക്സ് വയ്ക്കാത്തതു മൂലവും മറ്റ് ക്വാളിറ്റി പ്രശ്നങ്ങൾ മുഖാന്തിരവും Geotag ചെയ്യാൻ പറ്റാത്ത കണക്ഷനുകൾ അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിച്ച് Geotag ചെയ്യാൻ തീരുമാനിച്ചു.

8. മഴമൂലം കുഴി തെളിഞ്ഞ കണക്ഷനുകൾ അടിയന്തിരമായി വേണ്ട Depth- ൽ പുനഃസ്ഥാപിക്കാൻ തീരുമാനിച്ചു.

9. കോൺട്രാക്ടറുകളുടെ ആവശ്യപ്രകാരം ബില്ലുകൾ third party ഇൻസ്പെക്ഷനും പൂർത്തീകരിച്ച് 100% പേമെൻറ് കിട്ടുന്ന രീതിയിൽ തന്നെ അപ്ലോഡ് ചെയ്യാനും തീരുമാനിച്ചു.

10. ബാക്കിയുള്ള ഇന്റർ കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് PVC പൈപ്പുകൾ അടിയന്തിരമായി കമ്മീഷൻ ചെയ്യാൻ തീരുമാനിച്ചു.

11. Schedule time നുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ വേണ്ടി FHTC നൽകുന്ന ടീമും laying ടീമുംവർധിപ്പിക്കുവാൻ തീരുമാനിച്ചു.

2.pm യോഗം സമാപിച്ചു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ